# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 മാർച്ച് 2**

---

***അപേക്ഷാ സമയപരിധി ഏപ്രിൽ ഒന്നുവരെ നീട്ടി***

## സാധ്യതകളുടെ വഴി തുറന്ന് പി.ജി പഠനം; എം.ജി. സർവകലാശാലാ കാമ്പസിൽ 44 കോഴ്സുകൾ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ വകുപ്പുകളിലും ഇൻറർ സ്കൂൾ സെൻററുകളിലും 2023-24 വർഷത്തേക്ക് വിവിധ ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും എം.ടെക് പ്രോഗ്രാമിനും അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഏപ്രിൽ ഒന്നു വരെ നീട്ടി. എം.ബി.എ പ്രോഗ്രാമുകൾക്ക് മെയ് ഒന്നു വരെ അപേക്ഷിക്കാം. ആകെ 44 കോഴ്സുകളാണുള്ളത്

പുതിയ കാലഘട്ടത്തിലെ തൊഴിൽ, സംരംഭകത്വ, ഗവേഷണ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയും വിധമാണ് കോഴ്സുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. നൂതന ലാബുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ, ഗവേഷണ മേഖലയിൽ സജീവമായ അധ്യാപകരുടെ സേവനം, റിസർച്ച് എക്സ്റ്റൻഷൻ പ്രോഗ്രാമുകളിൽ പങ്കാളിത്തം, വിദേശ സർവകലാശാലകളിൽ ഉൾപ്പെടെ ഇൻറേൺഷിപ്പിനുള്ള സാധ്യത തുടങ്ങിയവ കോഴ്സുകളുടെ സവിശേഷതകളാണ്.

എം.ടെക് അവസാന വർഷ ഇൻറേൺഷിപ്പിൻറെ ഭാഗമായി ഈ വർഷം സർവകലാശാലയിലെ 12 വിദ്യാർഥികൾ പ്രശസ്തമായ വിദേശ സർവകലാശാലകളിൽ ഫെലോഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

ബിരുദ പരീക്ഷ വിജയിച്ചവർക്കും പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷിക്കാം. ചില കോഴ്സുകളിലെ നിശ്ചിത എണ്ണം സീറ്റുകൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും വിദേശ രാജ്യങ്ങളിൽനിന്നുമുള്ള വിദ്യാർഥികൾക്കായി നീക്കിവച്ചിരിക്കുന്നു.

പ്രവേശന പരീക്ഷയുടെയും മറ്റ് യോഗ്യതാ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ

കേന്ദ്രീകൃത അലോട്ട്മെൻറിലൂടെയാണ് പ്രവേശനം. തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവേശന പരീക്ഷ നടക്കും.

ഓൺലൈനിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വിവിധ വകുപ്പുകളിലും കേന്ദ്രങ്ങളിലുമുള്ള ഒന്നിലധികം കോഴ്സുകൾക്ക് ഓൺലൈനിൽ ഒരു അപേക്ഷ സമർപ്പിച്ചാൽ മതിയാകും. ഒരു അപേക്ഷയിൽ മുൻഗണനാക്രമത്തിൽ പരമാവധി നാലു കോഴ്സുകൾക്കുവരെ അപേക്ഷിക്കാം. വിവിധ വകുപ്പുകളിലെ കോഴ്സുകൾക്ക് അപേക്ഷിക്കുന്നവർ ഓരോ പരീക്ഷയ്ക്കും പ്രത്യേകം ഫീസ് അടയ്ക്കണം. ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കുന്നവരുടെ അപേക്ഷ റദ്ദാക്കും.

പ്രവേശനം ലഭിക്കുന്ന അക്കാദമിക് പ്രോഗ്രാമിൽനിന്ന് മറ്റൊന്നിലേക്ക് നിബന്ധനകൾക്ക് വിധേയമായി മാറുന്നതിനും അവസരമുണ്ട്.

www.cat.mgu.ac.in എന്ന ലിങ്ക് മുഖേനയാണ് അപേക്ഷ നൽകേണ്ടത്. എം.ബി.എ കോഴ്സിന് www.admission.mgu.ac.in വഴിയും വിദേശ രാജ്യങ്ങളിൽനിന്നുള്ള വിദ്യാർഥികൾക്ക് ucica.mgu.ac.in വഴിയും അപേക്ഷ നൽകാം.

ബിരുദ പരീക്ഷയുടെ ഫലം കാത്തിരിക്കുന്നവർ പ്രവേശനത്തിനുള്ള അവസാന തീയതിക്കു മുൻപ് യോഗ്യതാ രേഖകൾ ഹാജരാക്കണം. വിശദമായ പ്രോസ്പെക്ടസ് cat.mgu.ac.inൽ ലഭിക്കും. ഫോൺ: 04812733595, ഇമെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/249/2023)

## പ്രാക്ടിക്കൽ, വൈവ

അഞ്ചാം സെമെസ്റ്റർ ബി.വോക് ഡി.റ്റി.പി ആൻറ് പ്രിൻറിംഗ് ടെക്നോളജി (2020 അഡ്മിഷൻ റഗുലർ - ഫെബ്രുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ മാർച്ച് 13 മുതൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/250/2023)

## പരീക്ഷാ ഫലം

രണ്ടാം സെമെസ്റ്റർ എം.എ സോഷ്യോളജി (പി.ജി.സി.എസ്.എസ് - സപ്ലിമെൻററി - ജനുവരി 2022) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയക്കും നിശ്ചിത ഫീസ് സഹിതം മാർച്ച് 16 വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം.

……………………………..

ഐ.എം.സി.എ (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെൻററി),

ഡി.ഡി.എം.സി.എ (2014 മുതൽ 2016 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പ്രോഗ്രാമുകളുടെ അഞ്ച്(2022 മാർച്ച്), ആറ്(2022 മെയ്) സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് 16 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.

…………………………………..

(പി.ആർ.ഒ/39/251/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**